**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1627** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും സംഭരിച്ച പച്ചക്കറിയുടെ വില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും പച്ചക്കറി സംഭരിച്ചശേഷം യഥാസമയം വില നൽകാത്തതുകൊണ്ട് കടുത്തുരുത്തി മണ്ഡലത്തിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ സംഘമൈത്രി കാർഷികോല്പന്ന സംഭരണ വിതരണ കേന്ദ്രത്തിന് ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കടുത്തുരുത്തി മണ്ഡലത്തിലെ മാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ കോട്ടയം ജില്ലാ കാർഷികോല്പന്ന സംഭരണ വിതരണ കേന്ദ്രത്തിന് (സംഘമൈത്രി) 12-08-2022 വരെ ഹോർട്ടികോർപ്പിൽ ലഭിച്ച 2022 ജൂൺ മാസം വരെയുള്ള ബില്ലുകൾ പ്രകാരം കുടിശ്ശിക ഉണ്ടായിരുന്ന 8,20,233/- രൂപയിൽ 1,09,948/- രൂപ അന്നേ ദിവസം (12-08-2022) ന ഹോർട്ടികോർപ്പ് നൽകിയിട്ടുണ്ട്. ഇക്കാലയളവിൽ 7,10,285/- രൂപ ഇനി നല്കുവാൻ കുടിശ്ശികയുണ്ട്. തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | 2021-22 കാലഘട്ടത്തിൽ സംഘമൈത്രിക്ക് നൽകുവാനുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | 2021-22 സാമ്പത്തിക വർഷം കോട്ടയം ജില്ലാ കാർഷികോൽപ്പന്ന സംഭരണ വിപണന കേന്ദ്രത്തിനു (സംഘമൈത്രി) 4,14,042/- രൂപയാണ് ലഭിക്കാനുള്ളത്. 2022-23 വർഷത്തിൽ സംഘമൈത്രിക്കായി 5,00,000/- രൂപ ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഇനത്തിൽ നീക്കിവച്ചിട്ടുണ്ട്. |
| (സി) | ഹോർട്ടികോർപ്പ് ഓണക്കാലത്ത് കൃഷിക്കാരെയും ഉപഭോക്താക്കളെയും സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (സി) | ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാളുകളും, ഫ്രാഞ്ചൈസി സ്റ്റാളുകളും, ഓണം ഫെയറുകളും മുഖേന 500 ഓണ ചന്തകൾ സംഘടിപ്പിക്കുന്നതാണ്. ഈ ഓണചന്തകൾ മുഖേന കേരളത്തിലെ കർഷകരിൽ നിന്നും സംഭരിക്കുന്ന പച്ചക്കറികൾ 20-30% സബ്സിഡി നിരക്കിൽ ഉപഭോക്താക്കൾക്ക് നൽകുന്നതാണ്. ഓണക്കാലത്ത് കർഷകർക്ക് വിപണി വിലയെക്കാൾ 10% അധികവില നൽകി പച്ചക്കറി സംഭരിക്കുന്നതാണ്. ഇതിനായി സംസ്ഥാനത്തുടനീളം ഹോർട്ടികോർപ്പിന്റെ 13 ജില്ലാ സംഭരണകേന്ദ്രങ്ങളും 6 ഉപ സംഭരണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. വിപണിവില പിടിച്ചുനിറുത്തുന്നതിനായി കേരളത്തിൽ ലഭ്യമല്ലാത്തതും ഉണഭോക്താക്കൾക്ക് അത്യന്താപേക്ഷിതവുമായ പച്ചക്കറികൾ മറ്റ് |

| | | | |
|---|---|---|---|
| | | | സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും തമിഴ്നാട്ടിലെ പ്രമുഖ കാർഷിക മൊത്തവ്യാപാര വിപണികളിലെ ലേലം വഴിയും സംഭരിക്കുന്നതാണ്. ഇത്തരത്തിലുള്ള സംഭരണത്തിന്റെ ഭാഗമായി തമിഴ്നാട് കൃഷി വകുപ്പുമായി സഹകരിച്ച് തെങ്കാശി ജില്ലയിലെ ഫാർമേഴ്സ് പ്രോഡ്യൂസർ ഓർഗനൈസേഷൻ വഴി കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിന് കരാർ ഒപ്പ് വച്ച് സംഭരണം നടത്തിവരുന്നു. കേരളത്തിലെ എല്ലാ ജില്ലകളിലും ഏകീകൃത ഡിസൈനോടുകൂടിയ സഞ്ചരിക്കുന്ന വിൽപ്പനശാലകളും ഹോർട്ടികോർപ്പ് ഈ ഓണക്കാലത്ത് പ്രവർത്തിപ്പിക്കുന്നതാണ്. |
| (ഡി) | ഹോർട്ടികോർപ്പിന്റെ ഔട്ട്ലെറ്റുകളിൽ വിൽക്കുന്ന പച്ചക്കറികൾക്കും പഴവർഗങ്ങൾക്കും വിപണി വിലയേക്കാൾ ഉയർന്നവില നൽകേണ്ട സാഹചര്യം ഉണ്ടായിരിക്കുന്നത് തടയുവാൻ ഇടപെടൽ നടത്തുമോ എന്ന് വിശദീകരിക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരിശോധിക്കുന്നതാണ്. |
| (ഇ) | ഹോർട്ടികോർപ്പ് വിൽപ്പന നടത്തുന്നതിനെക്കാൾ കുറഞ്ഞ വിലയ്ക്ക് പൊതുവിപണിയിൽ പഴങ്ങളും പച്ചക്കറികളും ലഭിക്കും എന്നത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ